ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ—സി) ഗുണനിലവാരമില്ലാത്ത മരുന്നുകൾ സംസ്ഥാനത്ത് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ വിശദമായ പരിശോധനയ്ക്കുശേഷം മാത്രമേ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ. പരിശോധനയിൽ ഗുണനിലവാരം കുറഞ്ഞതായി കണ്ടെത്തുന്ന ബാച്ചിൽപ്പെട്ട മരുന്നുകളുടെ വിൽപ്പന ഉടൻതന്നെ നിരോധിക്കുന്നുണ്ട്. ഇത് പത്രമാധ്യമങ്ങൾ വഴി പൊതുജനങ്ങളുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ആശുപത്രികളിൽ നിന്നും ഡ്രഗ്സ് ഇൻസ്പെക്ടർമാർ ശേഖരിക്കുന്ന മരുന്ന് സാമ്പിളുകൾ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധന നടത്തുന്നുണ്ട്. പരിശോധനയിൽ ഗുണനിലവാരം ഇല്ലാത്തതായി കണ്ടെത്തുന്ന മരുന്നുകളുടെ ബാച്ച് വിൽക്കപ്പെടുന്നത് തടയുന്നുണ്ട്. ഇത് സംബന്ധിച്ച് പത്രങ്ങളിൽകൂടി ജനങ്ങളെ അറിയിക്കുന്നു. കൂടാതെ ഈ മരുന്നുകൾ നിർമ്മിച്ച കമ്പനികൾക്കെതിരായി നിയമനടപടികൾ സ്വീകരിക്കുന്നുമുണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള കമ്പനികളാണെങ്കിൽ അവയ്ക്കെതിരെ നടപടിയെടുക്കുവാൻ അതാത് സംസ്ഥാനത്തെ ഡ്രഗ്സ് കൺട്രോളർമാരോട് ആവശ്യപ്പെടുന്നുണ്ട്. മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ബഹുമാഷ്ട്ര കമ്പനികളുടെ ഭക്ഷ്യോൽപ്പന്നങ്ങളിൽ കീടങ്ങളും മാലിന്യങ്ങളും

*9 [T159] ശ്രീ. ടി. പി. എം. സാഹിർ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിപണനം നടത്തിവന്ന ബഹുരാഷ്ട്ര കമ്പനികളുടെ ഭക്ഷ്യോൽപ്പന്നങ്ങളിൽ കീടങ്ങളും മാലിന്യങ്ങളും അടങ്ങിയിട്ടുള്ളതായി കണ്ടുപിടിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ പേരിൽ സംസ്ഥാനത്ത് എത്ര വ്യാപാരികളുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്;

(സി) എത്ര പേരെ പീഡിപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ട്;

(ഡി) ഇത്തരം ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഏതെങ്കിലും കമ്പനികളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇത്തരം കമ്പനികളുടെ പേരിൽ നടപടി സ്വീകരിക്കുമോ?

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ചില കമ്പനികളുടെ ഭക്ഷ്യോൽപ്പന്നങ്ങളിൽ കീടങ്ങളും മാലിന്യങ്ങളും അടങ്ങിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) 3 വ്യാപാരികളുടെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആരേയും ഹീഡിപ്പിച്ചതായി പരാതി ലഭിച്ചിട്ടില്ല.

(ഡി) 3 കമ്പനികൾക്കെതിരെ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭൂമിയുടെ താരിഫ് വില

*10 [160] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
" ലൂഡി ലൂയിസ്:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ താരിഫ് വില പ്രസിദ്ധീകരിച്ചുവോ; എങ്കിൽ എന്ന്;

(ബി) അതിൻമേൽ എന്നുവരെ പരാതി നൽകാൻ സമയം നൽകിയിരുന്നു;

(സി) ഈ സമയത്തിനുള്ളിൽ എല്ലാ വില്ലേജ് ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും താരിഫ് വിലയുടെ പകർപ്പ് എത്തിച്ചിരുന്നുവോ;

(ഡി) താരിഫ് വില പ്രസിദ്ധീകരിച്ചത് ഏതു ഭാഷയിലാണ്;

(ഇ) താരിഫ് വില നിർണ്ണയിക്കുന്നതിനു സ്വീകരിച്ച മാനദണ്ഡം എന്ത് എന്ന് വ്യക്തമാക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) 5-1-2004-ൽ ഭൂമിയുടെ ന്യായവില പ്രസിദ്ധീകരിച്ചു.

(ബി) ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ 30 ദിവസത്തെ സമയം ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാൻ അനുവദിച്ചിട്ടുണ്ട്.

(സി) ഈ സമയത്തിനുള്ളിൽ എല്ലാ വില്ലേജ് ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും ന്യായവിലയുടെ പകർപ്പ് എത്തിയിരുന്നു.

(ഡി) ഇംഗ്ലീഷ് ഭാഷയിലാണ് ന്യായവില പ്രസിദ്ധീകരിച്ചത്.

(ഇ) 1959-ലെ കേരള മുദ്രപത്ര നിയമത്തിലെ വകുപ്പ് 28 (എ) (1) പ്രകാരം ന്യായവില നിശ്ചയിക്കുന്നതിനു താഴെ പറയുന്ന മാനദണ്ഡമാണ് നിലവിലുള്ളത്:

LIBRARY ARCHIVES Kerala Legislative Assembly